പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 139 — 13.6.2014-ന് മറുപടിക്ക്

## നഗരസഭാ പദ്ധതികൾക്ക് സാങ്കേതികസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. റ്റി. ജോർജ്<br>„ വി. ഡി. സതീശൻ<br>„ ഡൊമിനിക് പ്രസന്റേഷൻ<br>„ പി. എ. മാധവൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) നഗരസഭാ പദ്ധതികൾക്ക് സാങ്കേതികസഹായം നൽകുവാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) നഗരങ്ങളിലെ പശ്ചാത്തല സൗകര്യങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും മറ്റ് ഫണ്ടിംഗ് ഏജൻസികളിൽ നിന്നും ധനസഹായം ലഭ്യമാക്കാനുതകുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നഗരസഭകൾക്ക് പ്രദാനം ചെയ്യുന്നതിനായി ഒരു പദ്ധതി കെ.എസ്.യു.ഡി.പി.യുടെ എംപവേഡ് കമ്മിറ്റിയുടെയും, ജെ.എൻ.എൻ.യു.ആർ.എം പദ്ധതിയുമായി ബന്ധപ്പെട്ട സ്റ്റേറ്റ് ലെവൽ സ്റ്റീയറിംഗ് കമ്മിറ്റിയുടെയും തീരുമാനത്തിന്റെ വെളിച്ചത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതിക്ക് അന്തിമ അംഗീകാരം നൽകിയിട്ടില്ല. |
| ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) നഗരവികസനവുമായി ബന്ധപ്പെട്ട സമസ്ത മേഖലകളുടേയും ദീർഘകാല വികസനം മുന്നിൽ കണ്ടുകൊണ്ടുള്ള വിശദവും യോഗ്യവുമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് നഗരസഭകൾക്ക് സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുകയാണ് പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. |

| | | | |
|---|---|---|---|
| സി) | ആരുടെയെല്ലാം സഹായമാണ് പ്രസ്തുത പദ്ധതിക്കായി പ്രയോജനപ്പെടുത്തുന്നത് ; വിശദമാക്കുമോ ; | സി) | ദേശീയ, സംസ്ഥാന തലങ്ങളിൽ പ്രാഗല്ഭ്യം തെളിയിച്ചിട്ടുളള സാങ്കേതിക വിദഗ്ദ്ധരുടേയും കൺസൾട്ടന്റുമാരുടേയും സേവനമാണ് ഈ പദ്ധതിക്കായി പ്രയോജനപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്. |
| ഡി) | പ്രസ്തുത പദ്ധതിക്ക് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | ഡി) | പ്രസ്തുത പദ്ധതിക്ക് നിലവിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ